DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

04-08-2020

# കാർഷികമേഖലാവാർത്തകൾ

## വെബിനാർ കർഷക പരിശീലനം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 8-ന് രാവിലെ 10.30 മുതൽ 01.00 മണി വരെ **"പന്നിവളർത്തൽ"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം (വെബിനാർ) നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നേരിട്ടോ, ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട നമ്പർ: **9188522711, 0469-2965535.**

## കൃഷിമന്ത്രി വിളിപ്പുറത്ത് പരിപാടി ആഗസ്റ്റ് 5 -ന്

**'കൃഷിമന്ത്രി വിളിപ്പുറത്ത്'** എന്ന പരിപാടിയുടെ ഭാഗമായി കൃഷിമന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ 2020 ആഗസ്റ്റ് മാസം 5 -ാം തീയതി 3.00 മണി മുതൽ കർഷകരുമായി നേരിട്ട് സംസാരിക്കുന്നു. പ്രസ്തുത പരിപാടി കാർഷിക വിവര സങ്കേതത്തിന്റ ഫേസ്ബുക്ക് പേജിലൂടെ ലൈവായി സംപ്രേക്ഷണം ചെയ്യുന്നതാണ്. കർഷകർക്ക് **1800-425-1661** എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ചോ, **9447051661** എന്ന

വാട്സ്ആപ്പ് നമ്പരിൽ സന്ദേശം അയച്ചും, കൃഷി വകുപ്പ് മന്ത്രിയുമായി സംവദിക്കാവുന്നതാണ്.

## റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗങ്ങൾ,നിവാരണമാർഗങ്ങൾ എന്നിവയിൽ ഓൺലൈൻ പരിശീലനം

റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗങ്ങൾ, അവയുടെ നിവാരണമാർഗങ്ങൾ എന്നിവ സംബന്ധിച്ച് റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഓൺലൈൻ പരിശീലനപരിപാടി 2020 ആഗസ്റ്റ് 07-ന് സംഘടിപ്പിക്കുന്നു. പരിശീലനം രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ്. 2020 ആഗസ്റ്റ് 05 വൈകിട്ട് അഞ്ചുമണി വരെ പരിശീലനത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന നമ്പറിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്കായിരിക്കും പ്രോഗ്രാം ലിങ്ക് ലഭിക്കുക.

## അറിയിപ്പ്

സംസ്ഥാനത്തെ മികച്ച കാർഷിക മാധ്യമപ്രവർത്തകർക്ക് കൃഷി വകുപ്പ് നൽകുന്ന കർഷക ഭാരതി, ഹരിത മുദ്ര അവാർഡുകൾക്ക് നോമിനേഷനുകൾ സമർപ്പിക്കുന്നതിനുള്ള തീയതി 07.08.2020 വരെ നീട്ടിയിരിക്കുന്നു. അച്ചടി മാധ്യമം, ദൃശ്യമാധ്യമം, നവമാധ്യമം എന്നീ വിഭാഗങ്ങളിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട് നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് www.fibkerala.gov.in www.keralaagriculture.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഫലവൃക്ഷ തൈ നടീൽ മത്സരം

ആറ്റിങ്ങൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള കൃഷിഭവനുകളിൽ ഫലവൃക്ഷ തൈനടീൽ മത്സരം. കൃഷിഭവനിൽ നിന്നും ലഭിച്ച ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചവർ ചെടിയുടെ കൂടെ നിൽക്കുന്ന ഫോട്ടോ എടുത്തു മത്സരത്തിൽ പങ്കെടുക്കണമെന്ന് ആറ്റിങ്ങൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. നിബന്ധകൾ തൈകൾ മണ്ണിൽ വച്ചിട്ടുള്ളതാവണം. നട്ടുപിടിപ്പിച്ച ആൾ ഫോട്ടോയിൽ തൈയുടെ കൂടെ ഉണ്ടാവണം. പേരും വിലാസവും മൊബൈൽ നമ്പരും ഫോട്ടോയ്ക്ക് താഴെ നൽകണം. ഏറ്റവും ലൊക്കേഷൻ ഫോട്ടോയിൽ നൽകാൻ കഴിയുന്നവർ അതു താഴെ നൽകണം. മത്സരത്തിനായി കുറഞ്ഞത് 100 ഫോട്ടോയെങ്കിലും ലഭിക്കണം (100 പേര്). ഫോട്ടോഷോപ്പ് പോലുള്ള എഡിറ്റ് ചെയ്ത ഫോട്ടോ സ്വീകരിക്കുന്നതല്ല. വ്യക്തമായ ഫോട്ടോകൾ കൃഷി ഓഫീസറുടെ വാട്സാപ്പ്ലേക്കോ, കൃഷി ഭവൻ മെയിൽ ഐഡിയിലേക്കോ അയയ്ക്കുക. (പ്രിന്റ് എടുത്തവ സ്വീകരിക്കുന്നതല്ല.) മത്സരത്തിൽ വിജയിക്കുന്ന ഒരു ആൾക്ക് 500 രൂപ സമ്മാനം ആയി ലഭിക്കുന്നതാണ്. മത്സരം 05.08.2020 വരെ ഉണ്ടായിരിക്കുന്നതാണ്.

1. മുദാക്കൽ Ph.9446093711, Mail- kbmudakkal@gmail.com
2. കിഴുവിലം, Ph.9656840013, Mail-krishibhavankizhuvilam@gmail.com
3. ചിറയിൻകീഴ് , Ph.8547537855, Mail- kbchirayinkeezh@gmail.com
4. അഴൂർ , Ph.8547487646, Mail-aoazhoor@gmail.com

5. അഞ്ചുതെങ്ങ് ,Ph.8943710797, Mail.aoanchuthengu@gmail.com

6. കടയ്ക്കാവൂർ , Ph.9447993100,Mail- aokbkadakkavoor@gmail.com

7. ആറ്റിങ്ങൽ ,Ph.8089376737, Mail- afoattingal@gmail.com

8. വക്കം , Ph.9447322824, Mail- aokbvakkom@gmail.com

## അറിയിപ്പ്

ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകരെ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന മൂലധനമായി പശു ഒന്നിന് 24,000 രൂപ നിരക്കിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കുന്നു. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള അപേക്ഷകൾ ബാങ്കുകളിൽ സമർപ്പിക്കേണ്ട കാലാവധി 2020 ഓഗസ്റ്റ് 10 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇനിയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർ ക്ഷീരസഹകരണ സംഘങ്ങളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ഫാറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന ഓഫീസുമായോ ക്ഷീര സഹകരണ സംഘങ്ങളുമായോ ബന്ധപ്പെടേണ്ടതാണ്.